പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 395 11.06.2013 -ൽ മറുപടിക്ക്

<u>പാരലൽ സർവ്വീസുകൾമൂലമുള്ള നഷ്ടം</u>

<u>ചോദ്യം</u>

ശ്രീ. എം. എ. ബേബി

<u>ഉത്തരം</u>

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം - കൊട്ടാരക്കര റൂട്ടിൽ പാരലൽ സർവ്വീസുകൾമൂലം കെ.എസ്.ആർ.ടി.സി. നേരിടുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) | ടി വിഷയത്തിൽ അടിയന്തിരമായി ഇടപ്പെട്ട് അനധികൃത പാരലൽ സർവ്വീസുകൾ നിരത്തിൽ നിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കോർപ്പറേഷൻ കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്കും കൊട്ടാരക്കര റൂറൽ പോലീസ് സൂപ്രണ്ടിനും കൊല്ലം ആർ.ടി.എ.ക്കും കത്തുകൾ നൽകിയിരുന്നു.<br>പ്രസ്തുത വിഷയത്തിൽ ലഭിച്ച നിവേദനത്തിന്മേൽ മോട്ടോർ വാഹന വകുപ്പ് സമഗ്രമായ ചെക്കിംഗ് നടത്തുകയും സമാന്തര സർവ്വീസ് കർശനമായി നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൊല്ലം-കൊട്ടാരക്കര റൂട്ടിലെ പാരലൽ സർവ്വീസുകൾക്ക് സഹായം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (സി) | ഇക്കാര്യത്തിൽ തെളിവു സഹിതം ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ